TUESDAY 04.07.2023 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/07/2023.

1. കാർഷികമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കൃഷിഭവന് കൃഷി വകുപ്പ് പുതുതായി പുരസ്കാരം ഏർപ്പെടുത്തിയതായി കൃഷി മന്ത്രി പി പ്രസാദ്. കാർഷികമേഖലയുടെ വികസനത്തിന് വേണ്ടി കൃഷിഭവനുകൾ രൂപീകരിച്ച മുൻ കൃഷി മന്ത്രി വി വി രാഘവന്റെ സ്മരണാർത്ഥം മികച്ച കൃഷിഭവന് വി. വി രാഘവൻ മെമ്മോറിയൽ അവാർഡാണ് ഏർപ്പെടുത്തിയത്. 5 ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റുമാണ് പുരസ്കാരമെന്ന് മന്ത്രി പറഞ്ഞു. വി. വി രാഘവൻ മെമ്മോറിയൽ അവാർഡിന് പുറമേ ഏറ്റവും മികച്ച ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കുള്ള മിത്രാനികേതൻ പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്, ഏറ്റവും മികച്ച കർഷകനുള്ള സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് എന്നിവയാണ് പുരസ്കാരങ്ങളിൽ വ്യക്തികളുടെ സ്മരണാർത്ഥം നൽകുന്നത്. കേരളത്തിൽ സ്ഥിരതാമസക്കാരായ പൗരന്മാരാണ് അവാർഡിന് അപേക്ഷ സമർപ്പിക്കേണ്ടത്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും മികച്ച കർഷകരെ അവാർഡിനായി നോമിനേറ്റ് ചെയ്യാൻ കഴിയും. കൃഷിയിടത്തിന്റെ ഫോട്ടോകൾ, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച സി ഡി, മാധ്യമങ്ങളിൽ വന്ന വാർത്തകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെടെ 2023 ജൂലൈ 7ന് മുൻപായി അടുത്തുള്ള കൃഷിഭവൻ മുഖാന്തരം അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറം ലഭിക്കുന്നതിനായും കൂടുതൽ വിവരങ്ങൾക്കായും www.karshikakeralam.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുകയോ ചെയ്യണം.

2. എല്ലാ വർഷവും കൃഷി വകുപ്പ് തിരുവാതിര ഞാറ്റുവേലയോടനുബന്ധിച്ച് നടീൽ വസ്തുക്കളുടെ വിതരണവും കർഷകസഭകളും നടത്തി വരുന്നു. ഈ വർഷത്തെ കർഷക സഭ, ഞാറ്റുവേല ചന്ത പദ്ധതിയുടെ സംസ്ഥാനതല സമാപന പരിപാടി ജൂലൈ 3 മുതൽ 6 വരെ തിരുവനന്തപുരം പൂജപ്പുര മൈതാനിയിൽ സംഘടിപ്പിച്ചിരിക്കുന്നു. ഈ പരിപാടിയോടനുബന്ധിച്ച് പ്രദർശന വിപണന മേള സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ സമാപന സമ്മേളനം ജൂലൈ 6 ന് വൈകിട്ട് 5.30 പൂജപ്പുര സരസ്വതി മണ്ഡപത്തിൽ വച്ച് പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളു കൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. മണീട് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മണീട് കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന കാർഷിക യന്ത്ര സേവന കേന്ദ്രത്തിൽ അഗ്രിക്കൾച്ചറൽ ടെക്നീഷ്യന്മാരായി നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരും, മണീട് ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ള 18 വയസ്സു മുതൽ 55 വയസ്സു വരെ പ്രായ പരിധിയിൽ ഉള്ളവരായിരിക്കണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് / റേഷൻ കാർഡ്/ വോട്ടേഴ്സ് ഐഡി എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് ഹാജരാക്കണം. പൂരിപ്പിച്ച അപേക്ഷകൾ 16/07/2023 തിങ്കളാഴ്ച പകൽ 4 മണിക്കുള്ളിൽ കൃഷിഭവനിൽ ലഭ്യമായിരിക്കണം. അപേക്ഷ ഫാറം കൃഷിഭവനിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി 0485-2267974, 9495572543 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഈ മാസം 7 ന് പച്ചക്കറി കൃഷിയും രോഗകീട നിയന്ത്രണവും എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻതാൽപ്പര്യമുള്ളവർ 6282937809, 0466 2912008,0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

6. റബ്ബർപാൽ വിപണനം, ഷീറ്ററബ്ബർ സംസ്കരണം എന്നിവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ ജൂലൈ 05 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 0481 2576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മൃഗപരിപാലനം

7. ആട്ടിൻ കൂടു നിർമ്മിക്കുമ്പോൾ ഒരു ആടിന് 1 $m^2$ വിസ്തീർണ്ണമാണ് കണക്കാക്കുന്നത്. എന്നാൽ ഇത് പാലിക്കാതെ വരുന്ന അവസരങ്ങളിൽ ആടുകൾ തിങ്ങി പാർക്കുമ്പോൾ മഴക്കാലങ്ങളിൽ ശ്വാസകോശ സംബന്ധമായ അണുബാധയുണ്ടാകുന്നു. വായിൽ നിന്നും മൂക്കിൽ നിന്നും വരുന്ന വെള്ളയും മഞ്ഞയും നിറത്തിലുള്ള കട്ടികൂടിയ ദ്രാവകമാണ് ഇതിന്റെ ലക്ഷണം, ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ചികിത്സ നൽകാൻ ശ്രദ്ധിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം